വേനൽ കുറിപ്പ് 6

# സൂര്യകാന്തി പൂക്കളേ....

സുധീർ പണിക്കവീട്ടിൽ

മഞ്ഞു വീണു, മഴ പെയ്തു എന്നൊക്കെ പറയുമ്പോൾ വെയിൽ ഉദിച്ചു എന്നാണു നമ്മൾ പറയുന്നത്. മറ്റ് രണ്ടു ഋതുക്കൾ വീഴുമ്പോൾ വെയിൽ ഉദിക്കുന്നു. അത് കൊണ്ട് തന്നെ വേനൽകാലം ഉണർവ്വിന്റേയും ഉന്മേഷത്തിന്റേയും കാലമാണ്. അമേരിക്കയിലെ മിക്ക സംസ്ഥാനങ്ങളിലും വേനൽകാലം വസന്തകാലത്തിന്റെ ഒരു തുടർച്ചയാണ്. വസന്തം വിരിയിച്ച പൂക്കൾക്കൊപ്പം പഴങ്ങളുടെ ഒരു അക്ഷയപാത്രം വേനലിൽ പ്രക്രുതി മനുഷ്യർക്കായി ഒരുക്കുന്നു. ''ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വ്രുക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകല വ്രുക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നു, അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ'' (ഉൽപ്പത്തി 1:29). പ്രക്രുതി അമ്മയെപോലെയാണ്. നമ്മുടെ കാര്യങ്ങളിൽ എത്രമാത്രം ശ്രദ്ധപതിപ്പിക്കുന്നു. വേനൽ ചൂട് അസഹ്യമാകുമ്പോൾ പഴ വർഗ്ഗങ്ങൾ തണുപ്പ് പകരാനായി എത്തുന്നു. വേനലിൽ മാത്രം വിളഞ്ഞ് പഴുക്കുന്ന ഫലങ്ങൾ എത്രയോ സ്വാദേറിയതാണ്. വേനൽ വിയർപ്പിക്കുന്നു, പിന്നെ തണുപ്പിക്കുന്നു. ചൂടും വെളിച്ചവും നൽകുന്ന വരദായിനി.

സൂര്യനഭിമുഖമായി മാത്രം വിടരുന്ന പൂക്കൾ സൂര്യരശ്മികളുടെ മാർഗ്ഗമനുസരിച്ച് അവയുടെ മുഖം തിരിക്കുന്നു. സൂര്യകാന്തി പൂക്കൾ ഈ ഇനത്തിൽ പെടുന്നു. അവയുടെ ഇതളുകൾക്ക് സൂര്യന്റെ ആക്രുതിയാണ്. സൂര്യകാന്തിപൂക്കളുടെ ഈ സവിശേഷത മഹാകവി ജി. വളരെ മനോഹരമായി. എടുത്ത് കാട്ടുന്നുണ്ട് "സൂര്യകാന്തി" എന്ന കവിതയിൽ ''....മുഗ്ദമാം മുഖം പൊക്കി സുന്ദര ദിവാകരൻ ചോദിച്ചു മധുരമായി, ആര് നീ അനുജത്തി നിർന്നിമേഷമായെന്തെൻ തേര് പോകവേ നീളെ, നോക്കി നിൽക്കുന്നു ദൂരേ.. സൗമ്യമായി പിന്നെ പിന്നെ വിടരും സ്നിഗ്ദ കണ്ണാൽ രമ്യമായി വീക്ഷിക്കുന്നു തിരിഞ്ഞു തിരിഞ്ഞെന്നെ നീ". നിലാവ് പോലെ പൊൻ വെയിലും സഹ്രുദയ മനസ്സുകൾക്ക് എന്നും ഹരം പകരുന്നു. ഒരു പക്ഷെ നിലാവിന്റെ സൗമ്യമനോഹാരിതയെക്കാൾ ഗാംഭീര്യമാർന്ന പ്രസരിപ്പും ചൈതന്യവും സൂര്യരശ്മികൾ പകരുന്ന വെയിലിനു തന്നെ.

മനുഷ്യ മനസ്സുകളിൽ നിന്ന് വിഷാദമകറ്റി അവിടെ സന്തോഷത്തിന്റെ ദിവ്യമായ പ്രകാശം പരത്താൻ സൂര്യകാന്തി പൂക്കൾക്ക് പ്രത്യേക കഴിവാണ്. സൂര്യകാന്തിപൂക്കളെ വെറുതെ നോക്കി നിൽക്കുന്നത് തന്നെ ആനന്ദപ്രദമാണ്. കവികൾക്ക് വളരെ സന്തോഷം നൽകുന്ന

പ്രക്രുതിയുടെ ഇത്തരം പ്രതിഭാസങ്ങൾ വേനൽ കാലത്തിന്റെ വരദാനമാണു്. ശ്രീ ചിന്മയ് ഇങ്ങനെ എഴുതിയിരിക്കുന്നു.  ഉദിക്കുന്ന സൂര്യൻ നമ്മുടെ മനസ്സുകളെ ആനന്ദം നൽകി അനുഗ്രഹിക്കുന്നു. അസ്തമിക്കുന്ന സൂര്യൻ മനസ്സിൽ ശാന്തി നിറച്ച് അനുഗ്രഹിക്കുന്നു.

അമേരിക്കയിൽ സ്വന്തം ഭൂമി കൈവശപ്പെടുത്തിയ ഭാഗ്യവാന്മാരായ മലയാളികൾ അവരുടെ വീടിന്റെ പുറകിൽ പഴങ്ങളും പച്ചക്കറികളും നട്ട് വളർത്തി ഭാരതത്തിലെ കർഷക പാരമ്പര്യത്തിന്റെ ഓർമ്മ പുതുക്കുന്നുണ്ട്. വീട്ടിലെ പച്ചക്കറി തോട്ടം മത്സരബുദ്ധിയോടെ സൂക്ഷിക്കുന്നവർ മലയാളികൾ ആണു്. ഏറ്റവും നല്ല പച്ചക്കറിതോട്ടത്തിനു സമ്മാനങ്ങളും അവാർഡുകളും അവർ ഏർപ്പെടുത്തുന്നു. അവാർഡ് അമേരിക്കൻ മലയാളിയുടെ ഒരു ബലഹീനതയായത് എങ്ങനെ എന്ന് ഒരു ഗവേഷണം നടത്തേണ്ടിയിരിക്കുന്നു. മായം കലരാത്ത പച്ചക്കറികൾ പാകം ചെയ്ത് രുചിയോടെ ഭക്ഷിക്കുകയും ഒപ്പം ആരോഗ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനേക്കാൾ പടവലങ്ങയുടെ നീളവും, മത്തന്റെ വലുപ്പവും നോക്കി ഒരു അവാർഡ് ഒപ്പിക്കാമെന്ന് കണക്ക് കൂട്ടുന്ന മലയാളിക്കും വേനൽ അനുഗ്രഹമാണു്. വേനൽ കാർഷിക വിളകളുടെ ഉത്സവകാലമാകുന്നു. കേരളീയന്റെ പച്ചക്കറി തോട്ടം കണ്ടു് അത്ഭുതപ്പെടുന്ന മദാമ്മ പറയുന്നു.  എന്റെ സുഹ്രുത്ത് ദോറൊത്തി വർഷങ്ങളോളം ഇവിടെ താമസിച്ചിട്ടും ഈ മണ്ണിൽ ഇങ്ങനെ ഫലങ്ങൾ മുളപ്പിക്കാമെന്ന് അറിഞ്ഞില്ലല്ലോ.  മണ്ണു് അതായ്ത് ഭൂമി വിത്തുകൾ ഏറ്റു വാങ്ങുന്നു. അനുകൂല സാഹചര്യങ്ങളിൽ അവയ്ക്ക് മുളപൊട്ടുന്നു.

കയ്പ്പക്കയെ ഒരു പന്തലൊരുക്കിയാണു് നമ്മൾ എതിരേൽക്കുന്നത്. വളരാൻ കെട്ടികൊടുക്കുന്ന നൂലിൽ ദ്രുഢമായി ചുറ്റിപുണർന്ന്, ആരെങ്കിലും കാണുന്നുണ്ടോ എന്ന് നോക്കി നാണം പൂണ്ട്, പടർന്ന് കയറുന്ന കയ്പ്പക്ക വള്ളികൾ സൂര്യരശമികൾ തട്ടുമ്പോൾ ഹരിതഭംഗിയും സുഗന്ധവും പ്രസരിപ്പിച്ച് നട്ടു വളർത്തുന്നവർക്ക് ഊർജ്ജം പകരുന്നു. മദ്യപാനികൾ ഇതിന്റെ സുഗന്ധം ശ്വസിച്ചാൽ അവർക്ക് മദ്യപാനാസക്തി കുറയുമത്രെ. മദ്യവിമുക്തനാകാൻ ആഗ്രഹിക്കുന്നവർക്ക് ഈ വേനൽകാലം മുഴുവൻ അവരുടെ കയ്പ്പക്ക പന്തലിൽ കുറച്ച് സമയം ചിലവഴിച്ച് മുക്തി നേടാൻ കഴിയും.

ജീവിതത്തിന്റെ ആഘോഷവേളകൾക്കായി നമ്മൾ വേനൽ മാസത്തെ തിരഞ്ഞെടുക്കുന്നു. വാസ്തവത്തിൽ ജീവിക്കാനായി മനുഷ്യർ തിരഞ്ഞെടുക്കുന്ന കാലം വേനൽമാസമാണു്. വിദ്യാർത്ഥികൾക്ക് അവുധികാലം. അത്കൊണ്ട് തന്നെ മാതാപിതാക്കൾക്കും. വേനൽ ഒരു സഞ്ചാര കാലമാണു്. കാണാത്ത സ്ഥലങ്ങൾ തേടിയുള്ള വിനോദ യാത്രകൾ അപ്പോൾ നമുക്ക് സാദ്ധ്യമാകുന്നു. എല്ലാ മനസ്സുകളിലും വെയിൽപോലെ ഉദിച്ച് നിൽക്കുന്ന സ്വപ്നങ്ങൾ. ചുറ്റിലും കണ്ണോടിക്കുമ്പോൾ നയനാനന്ദകരമായ കാഴ്ച്ചകൾ. പ്രകൃതി എന്നും മനുഷ്യനു മാതാവാണു്. അമ്മയെ സ്നേഹിക്കാത്തവർ, രക്ഷിക്കാത്തവർ ശപിക്കപ്പെട്ടവരാകുന്നു. മലയാളത്തിന്റെ പ്രിയകവി ഓ.എൻ.വി സാർ പ്രകൃതിമാതാവിനെ കുറിച്ചെഴുതിയത് താഴെ ഉദ്ധരിക്കയാണു്. വായനകാരുടെ മനസ്സിൽ നാം ജീവിക്കുന്ന ഈ പ്രക്രുതിയോടുള്ള തരളഭാവങ്ങൾ ഉണരാൻ അത് സഹായിക്കുമെന്ന് വിശ്വസിക്കുന്നു.

ആയിരമുണ്ണിക്കനികൾക്ക് തൊട്ടിലും
താരാട്ടുമായ് നീയുണർന്നിരിക്കുന്നതും
ആയിരം കാവുകളിലൂഞ്ഞാലിടുന്നതും

ആലിലത്തുമ്പത്തിരുന്നു തുള്ളുന്നതും
അഞ്ചിതൾപൂക്കളായി കൈകൊട്ടി നിൽപ്പതും
അമ്പലപ്രാവായി നീ കുറുകുന്നതും
ആയിരം പുഴകളുടെയോളങ്ങളായെൻെറ
ആത്മഹർഷങ്ങൾക്ക് താളം പിടിച്ചതും

പ്രക്രുതിയെ സ്നേഹിക്കുക. അവളുടെ ഋതുക്കളെ ഇഷ്ടപ്പെടുക. മരത്തണലിൽ നീളുന്ന നിഴലുകൾ നോക്കി വെറുതെ ഇരിക്കുക. തൂവെള്ള മേഘങ്ങൾ ആരൊ ഉണക്കാനിട്ട പഞ്ഞിക്കെട്ടുകൾ പോലെ പാറി പാറി പോകുന്നത് എവിടേക്കാണെന്ന് അന്വേഷിക്കുക. പഴങ്ങളും, പച്ചക്കറികളും നൽകുന്ന വിഭവ സമ്രു ദ്ധി ആവോളം ആസ്വദിക്കുക. സന്ധ്യക്ക് വിരിയുന്ന പൂക്കൾ, നാലു മണി പൂക്കൾ, നിശാഗന്ധികൾ, അങ്ങനെ രാവിലെ മുതൽ മണവും സൗന്ദര്യവും കാണിച്ച് നമ്മെ കൊതിപ്പിക്കുന്ന എണ്ണമറ്റ പൂമരങ്ങൾ. ആറി തണുക്കുന്ന ഒരു ദിവസം. ഈ വേനൽ കഴിയാതിരിക്കട്ടെ എന്ന് വെറുതെ മോഹിക്കാൻ മോഹം തോന്നുന്ന ദിനരാത്രങ്ങൾ. ഇനിയും ബാക്കി നിൽക്കുന്ന നല്ല വേനൽ ദിവസങ്ങൾ നിങ്ങൾക്കെല്ലാം ആഹ്ലാദദായകമാകട്ടെ എന്നാശംസിക്കുന്നു.

(അവസാനിച്ചു)